# ഇടുക്കിയിലെ ആഴ്ചതോറുമുള്ള നാട്ടുചന്ത

കേരളത്തിലെ കാർഷിക രംഗം ഓരോ ദിനം കഴിയും തോറും തളർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന അരിയും പലവ്യജ്ഞനങ്ങളും പച്ചക്കറിയും ഉൾപ്പെടെയുള്ള ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു വലിയ വിപണിയായി കേരളം മാറിക്കഴിഞ്ഞിരിക്കുന്നു. നെല്ലും വാഴയും കപ്പയും തേങ്ങയും അടക്കമുള്ള കൃഷികൾ ഇന്നും കേരളത്തിൽ നടക്കുന്നുണ്ട്. എന്നാൽ അതിന്റെ തോത് മുൻകാലത്തെ അപേക്ഷിച്ച് ഏറെ കുറവാണ്. കേരള സർക്കാർ കണക്ക് അനുസരിച്ച് 2016-17 കാലഘട്ടത്തിൽ 1.72 ലക്ഷം ഹെക്ടർ സ്ഥലത്താണ് നെൽക്കൃഷിയുള്ളത്. 57158 ഹെക്ടർ സ്ഥലത്ത് വാഴ കൃഷിയും 68664 ഹെക്ടർ സ്ഥലത്ത് കപ്പ കൃഷിയും നട ത്തി വരുന്നു. 7.81 ലക്ഷം ഹെക്ടർ സ്ഥലത്ത് തെങ്ങും വളരുന്നുണ്ട്. പ്ലാവ്, മാവ്, പപ്പായ, കശുമാവ്, ഇഞ്ചി, കുരുമുളക്, തേയില, കാപ്പി, ഏലം, മഞ്ഞൾ, റബ്ബർ എന്നീ വിളകളും കേരളത്തിൽ കൃഷി ചെയ്തു വരുന്നു.

എന്നാൽ നാൾക്കുനാൾ കഴിയുമ്പോൾ കേരളത്തിലെ കാർഷിക രംഗം പിന്നോട്ടടിക്കപ്പെടുകയാണ്. അന്യ സംസ്ഥാനങ്ങളെയാണ് കേരളത്തിലെ ജനങ്ങൾ ഇപ്പോൾ അരിയും പച്ചക്കറിയും ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി ഏറെ ആശ്രയി ക്കുന്നത്. വൻതോതിൽ രാസവസ്തുക്കൾ ഉപയോഗിച്ച് കൃഷി ചെയ്തതിന്റെ ഫലമായി കേരളത്തിലേക്കെത്തുന്ന ഈ ഉത്പന്നങ്ങൾ കേരളത്തിലെ ജനങ്ങളുടെ ആരോഗ്യത്തിനും വെല്ലുവിളിയാകുന്നു.

ഇതിനാൽ തന്നെ കേരളത്തിലെ കാർഷിക രംഗത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി സർക്കാർ തലത്തിൽ തന്നെ നിരവധി പദ്ധതികളും മറ്റും നടപ്പാക്കി വരുന്നു. കാർഷിക മേഖലയുടെ അഭിവൃദ്ധി ലക്ഷ്യമിട്ട് ഒട്ടനേകം പരിപാടികൾ കുടുംബശ്രീയും ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. കുടുംബശ്രീ വഴി കേരളത്തിൽ നടപ്പാക്കുന്ന മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എംകെഎസ്പി)യുടെ ഭാഗമായാണ് ഈ പ്രവർത്തനങ്ങളെല്ലാം തന്നെ പ്രാവർത്തികമാക്കുന്നതും.

എംകെഎസ്പി (മഹിളാ കിസാൻ സശാക്തീകരൺ പരിയോജന)

കാർഷിക മേഖലയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുക, പ്രകൃതിയോട് ഇണങ്ങിച്ചേർന്നുള്ള ജൈവകൃഷി പോലുള്ള മാർഗ്ഗങ്ങളിലൂടെ വനിതകൾക്ക് ഉപജീവന വഴികൾ കണ്ടെത്തി നൽകുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ കേന്ദ്ര പദ്ധതിക്കുള്ളതെന്ന് ചുരുക്കിപ്പറയാം. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഒരു ഭാഗമാണ് എംകെഎസ്പി പദ്ധതി. വനിതാ കർഷകരുടെ ജെഎൽജികൾ (ജോയ്ന്റ് ലയബിളിറ്റി ഗ്രൂപ്പ്) രൂപീകരിച്ച് സംഘകൃഷി മാർഗ്ഗത്തിലൂടെയാണ് കേരളത്തിൽ എംകെഎസ്പി പ്രവർത്തനങ്ങൾ കുടുംബശ്രീ നടത്തുന്നത്. നാല് മുതൽ പത്ത് വരെ അംഗങ്ങളാണ് ഒരു ജെഎൽജിയിലുള്ളത്. നിലവിൽ 60000 ജെഎൽജികൾ 55000 ഹെക്ടർ സ്ഥലത്ത് ഇപ്പോൾ കൃഷി ചെയ്തു വരുന്നു. 79 കോടി രൂപയാണ് പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നത്. കേന്ദ്രത്തിലെ എംകെഎസ്പി ഫണ്ട് കൂടാതെ കേരള സർക്കാരിന്റെയും ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും ഫണ്ട് വിഹിതവും ഈ പദ്ധതിയിലുണ്ട്.

ഈ പദ്ധതി വഴി കാർഷിക രംഗത്ത് സ്ത്രീകളെ എല്ലാവിധത്തിലും പര്യാപ്തരാക്കുകയാണ് ചെയ്യുന്നത്. മികച്ച മാതൃകകൾ കണ്ടെത്തി അതിന് സർവ്വവിധത്തിലുള്ള പ്രോത്സാഹനം നൽകുന്നു. ഓരോ പ്രദേശത്ത് നിന്നും റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തുകയും അവർ താഴേത്തട്ടിൽ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു. പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി ജീവ (ജെഎൽജി ഇവാലുവേഷൻ) ടീമുകളും പ്രവർത്തിക്കുന്നു.

ബാങ്ക് ലോണുകളും ജെഎൽജി ഗ്രൂപ്പുകൾക്ക് നൽകി വരുന്നു. ഒരു സാമ്പത്തിക വർഷം കുറഞ്ഞത് ഒരു ലക്ഷം രൂപ മുതലുള്ള വായ്പകളാണ് ബാങ്കുകൾ സംഘകൃഷി ഗ്രൂപ്പുകൾക്ക് നൽകുന്നത്. ഈ ഹ്രസ്വകാല വായ്പ തിരിച്ചടയ്ക്കാൻ ഒരു വർഷത്തെ കാലയളവും നൽകുന്നു. ഏഴ് മുതൽ ഒമ്പത് ശതമാനം വരെയാണ് പലിശയെങ്കിലും അഞ്ച് ശതമാനം വരെ പലിശയിളവുണ്ട്. കൂടാതെ കൃത്യമായ തുക തിരിച്ചടയ്ക്കുന്ന സംഘങ്ങൾക്ക് ബാങ്കുകളും പ്രത്യേകമായ പലിശ ഇളവുകൾ നൽകുന്നു. ഫലത്തിൽ ഈ വായ്പകൾ പലിശരഹിത വായ്പകളായും മാറുന്നു. വായ്പ എടുക്കുന്ന ജെഎൽജികൾക്ക് അവർ കൃഷി ചെയ്യുന്ന വിളയുടെ അടിസ്ഥാനത്തിൽ ഇൻസെന്റീവും നൽകി വരുന്നു.

## ഇടുക്കിയിലെ നാട്ടുചന്ത

8461 ജെഎൽജികൾ 4130.7 ഹെക്ടർ സ്ഥലത്താണ് ഇടുക്കി ജില്ലയിൽ മാത്രം കൃഷി ചെയ്യുന്നത്. 121.5 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും 1510.7 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയും 1012 ഹെക്ടർ സ്ഥലത്ത് വാഴകൃഷിയുമടക്കമുള്ള കൃഷികളാണ് ഇടുക്കിയിൽ ചെയ്യുന്നത്. ഇങ്ങനെ കൃഷി ചെയ്ത് കിട്ടുന്ന ഉത്പന്നങ്ങളുടെ വിപണനത്തിനായാണ് നാട്ടുചന്തകൾക്ക് രൂപം നൽകിയത്. ആഴ്ചയിൽ ഒരു ദിവസം ഒരു ചന്ത വീതമാണ് സംഘടിപ്പിക്കുന്നത്.

## ആശയ രൂപീകരണം

കൃഷി ചെയ്താലും അത് വിളവെടുത്ത് അതിന് വിപണി കണ്ടെത്തുകയെന്നത് എല്ലാക്കാലത്തും കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ്. കർഷകരിൽ നിന്നുള്ള പ്രതികരണങ്ങളിൽ നിന്ന് ഇങ്ങനെയൊരു സ്ഥിരം വിപണിയുടെ അഭാവം ഏറെ ബുദ്ധിമുട്ടുകളുണ്ടാക്കുന്നുവെന്ന് ജില്ലാ മിഷന് മനസ്സിലായി. ഇടനിലക്കാർക്ക് ഉത്പന്നങ്ങൾ വിറ്റാൽ അത് വൻ ചൂഷണത്തിലെത്തിക്കുമെന്നത് ആ വഴിയും അടച്ചു. ഇങ്ങനെ വിപണന പ്രശ്നത്തിന് പരിഹാരം കാണുക ലക്ഷ്യമിട്ട് സംസ്ഥാന മിഷന്റെ ആശയ പ്രകാരം ഇടുക്കി ജില്ലാ മിഷൻ നടപ്പാക്കിയ പദ്ധതിയാണ് നാട്ടുചന്തകൾ. ഓണക്കാലത്ത് സംഘടിപ്പിക്കുന്ന ഓണ ചന്തകളും മാസം തോറും സംഘടിപ്പിക്കുന്ന മാസ ചന്തകളും മികച്ച ലാഭം നേടുന്നുവെന്നതും ആഴ്ച തോറും നാട്ടുചന്തകൾ സംഘടിപ്പിക്കുകയെന്ന ആശയത്തിലേക്ക് നയിക്കുകയായിരുന്നു.

## തുടക്കം

2017 ഒക്ടോബർ മുതൽ ജില്ലാ മിഷൻ നാട്ടുചന്തകൾ സംഘടിപ്പിച്ചു തുടങ്ങി. ഓണചന്തകൾക്കും മറ്റുമായി സംസ്ഥാന മിഷനിൽ നിന്ന് നൽകിയ മാർഗ്ഗനിർദേശം അനുസരിച്ചാണ് ആഴ്ചതോറുമുള്ള നാട്ടുചന്തകൾ സംഘടിപ്പിക്കുന്നത്. ഒരു പഞ്ചായത്തിൽ ഒരാഴ്ചയിൽ ഒരു ദിവസം നാട്ടു ചന്ത സംഘടിപ്പിക്കാനാണ് തീരുമാനിച്ചത്. ആ പഞ്ചായത്തിന് കീഴിൽ വിവിധ വാർഡുകളിൽ കൃഷിയിലേർപ്പെ ട്ടിരിക്കുന്ന ജെഎൽജി ഗ്രൂപ്പുകൾക്ക് വിപണനത്തിനായി ഈ ചന്തയിൽ ഉത്പന്നങ്ങളെത്തിക്കുകയും ഉപഭോക്താക്കൾക്ക് നേരിട്ട് കച്ചവടം ചെയ്യാൻ കഴിയുക യും ചെയ്യും. ആഴ്ചയിൽ ഏവർക്കും സൗകര്യപ്രദമായ ഏതെങ്കിലുമൊരു ദിവസമാണ്

ചന്ത നടത്തേണ്ടത്.

**ഫണ്ട്**

ഇടുക്കി ജില്ലയിലെ 54 സിഡിഎസുകളിൽ നാട്ടുചന്തയ്ക്കായി തെരഞ്ഞെടുത്ത 24 സിഡിഎസുകളിലാണ് നാട്ടുചന്ത ആരംഭിച്ചത്. ഉടുമ്പന്നൂർ, വണ്ണപ്പുറം, വെള്ളിയാമറ്റം, കരിങ്കുന്നം, മുട്ടം, ഇടവെട്ടി, കുമളി, വണ്ടിപെരിയാർ, കഞ്ഞിക്കുഴി, പീരുമേട്, വാത്തിക്കുടി, മരിയാപുരം, അടിമാലി, പള്ളിവാസൽ, കൊന്നത്തടി, രാജകുമാരി, കരുണാപുരം, രാജാക്കാട്, ഉപ്പുതറ, അയ്യപ്പൻകോവിൽ, വണ്ടൻമേട്, ചിന്നക്കനാൽ, മാങ്കുളം, മറയൂർ എന്നിവയാണ് ഈ സിഡിഎസുകൾ. ഇതിനായി ഈ സിഡിഎസുകൾക്ക് 75000 രൂപ വീതം ഫണ്ടായി നൽകി. എംകെഎസ്പിയിൽ നിന്നുള്ള ഫണ്ടാണ് നൽകിയത്. എട്ട് സിഡിഎസുകൾക്ക് മറ്റൊരു 75000 രൂപ കൂടി കൊടുത്തു. സൂക്ഷ്മ സംരംഭങ്ങൾക്കുള്ള ഫണ്ടാണ് ഇതിനായി നൽകിയത്. മികച്ച രീതിയിൽ ജെഎൽജികളും സൂക്ഷ്മ സംരംഭങ്ങളുമുള്ള എട്ട് സിഡിഎസുകൾക്കാണ് ഈ തുക നൽകിയത്. 8 ബ്ലോക്കുകളിൽ 3 സിഡിഎസുകളിൽ വീതമാണ് നാട്ടുചന്തകൾ ഉള്ളത്. അതാത് സിഡിഎസുകൾക്കും ബ്ലോക്ക് കോർഡിനേറ്റർ, ജീവ ടീം എന്നിവർക്കുമാണ് ആഴ്ചതോറുമുള്ള ഈ ചന്തകളുടെ സംഘാടന ചുമതല. പഞ്ചായത്ത് കെട്ടിടത്തോട് ചേർന്നുള്ള ഒരു സ്ഥലമാണ് ചന്തയ്ക്കായി നൽകിയിരിക്കുന്നത്. ഇതിന് വാടക ഈടാക്കുന്നത്.

**വിനിയോഗം**

ഫണ്ട് ഉപയോഗിച്ച് ആഴ്ച ചന്തകൾ നടത്തുന്നതിനായി ഷാമിയാന ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വാങ്ങാനുള്ള നിർദ്ദേശവും ജില്ലാ മിഷൻ ഈ തെരഞ്ഞെടുത്ത സിഡിഎസുകൾക്ക് നൽകി. സിഡിഎസ് അത് അവരുടെ ആസ്തി രജിസ്ട്രറിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും നിർദ്ദേശം നൽകി

**പ്രവർത്തനം**

ചന്ത എന്നാണ് നടത്തുന്നതെന്ന് ജെഎൽജി ഗ്രൂപ്പുകളെ സിഡിഎസുകളിൽ നിന്ന് അറിയിക്കും. അതനുസരിച്ച് ജെഎൽജി ഗ്രൂപ്പുകൾ ഉത്പന്നങ്ങൾ ചന്തകളിലെത്തിക്കും.

ചില ഇടങ്ങളിൽ അപ്പോൾ തന്നെ സാധനങ്ങൾ നിശ്ചിത തുകയ്ക്ക് എടുത്ത് രൂപ നൽകും. മറ്റു ചിലയിടങ്ങളിൽ ഉത്പന്നങ്ങൾ വിറ്റതിന് ശേഷമാകും തുക നൽകുക. ഓരോ ബ്ലോക്കിലും വിലനിലവാരം വ്യത്യസ്തപ്പെടും. ജീവ ടീമുകളാണ് ചന്തയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ബ്ലോക്ക് കോർഡിനേറ്റർ എല്ലാ സിഡിഎസിലും ചന്ത നടത്തുന്നുവെന്ന് ഉറപ്പുവരുത്തും. കൂടാതെ ഓരോ ചന്തയിലെയും വിറ്റുവരവും മറ്റും രേഖപ്പെടുത്തും. വളരെ വേഗം കേടാകുന്ന പച്ചക്കറികൾ വിറ്റുപോകാതെ വന്നാൽ അത് മറ്റുള്ള സ്ഥിരം കച്ചവടക്കാർക്ക് കൊടുക്കും അല്ലെങ്കിൽ ജെഎൽജി അംഗങ്ങൾ തന്നെ പങ്കിട്ടെടുക്കും.

**ഫണ്ട് വിനിയോഗം (150000)**

| ഇനം | എണ്ണം | പരമാവധി വില |
|---|---|---|
| ഷാമിയാനയും അനുബന്ധ സാമഗ്രികളും 10-10 വലിപ്പമുള്ള 10 സ്റ്റാളുകൾ നിർമ്മിക്കാൻ വലിപ്പമുള്ള | 1 | 50000 |
| ഡെസ്ക്കുകൾ | 25 | 31250 |
| കസേരകൾ | 20 | 10000 |
| പബ്ലിക് അഡ്രസ് സിസ്റ്റം | 1 | 35000 |
| വെയിങ് മെഷീൻ (മീഡിയം ഡിജിറ്റൽ) | 1 | 10000 |
| ത്രാസ് | 1 | |
| ലൈറ്റിംഗ് സാധനങ്ങൾ | | 750 |
| ബിൽ ബുക്കുകൾ (ആറ് മാസത്തേക്ക്) | | 1000 |
| വില നിലവാര ബോർഡ് | 1 | 1000 |
| ബാനറുകൾ | 2 | 1000 |
| മറ്റിനങ്ങൾ | | 10000 |
| ആകെ | | 150000 |

**നാട്ടുചന്ത നിലവിലെ അവസ്ഥ**

ജനുവരി വരെ ജില്ലയിൽ 24 സിഡിഎസുകളിലായി 143 ചന്തകൾ നടന്നു. 15158 കിലോഗ്രാം ഉത്പന്നങ്ങൾ 7.16 ലക്ഷം രൂപയ്ക്ക് ഈ ചന്തകൾ വഴി വിറ്റു.

| മാസം | സിഡിഎസ് | ചന്തകൾ | ഉത്പന്നം (കിലോഗ്രാം | തുക |
|---|---|---|---|---|
| ഒക്ടോബർ | 13 | 43 | 3129 | 202653 |
| നവംബർ | 11 | 32 | 3491 | 101185 |
| ഡിസംബർ | 15 | 41 | 4501 | 270546 |
| ജനുവരി | 8 | 27 | 4037 | 141663 |

**ഭാവി**

ആഴ്ച ചന്തകൾ സ്ഥിരമായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സിഡിഎസ് തലത്തിൽ ഒരു ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരിച്ച് ചന്തയുടെ നടത്തിപ്പ് ചുമതല ഏൽപ്പിക്കു, വിൽക്കാതെ വരുന്ന ഉത്പന്നങ്ങൾ സൂക്ഷിക്കാൻ ബ്ലോക്കിൽ ഒന്ന് എന്ന കണക്കിൽ ശീതീകരിച്ച സംഭരണ മുറി നിർമ്മിക്കുകയെന്നീ ലക്ഷ്യങ്ങളാണ് ആഴ്ചതോറുമുള്ള ഈ നാട്ടുചന്ത നടത്തിപ്പിൽ ഇടുക്കി ജില്ലാ മിഷൻ മുന്നിൽ കാണുന്നത്.